**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4594** **29-10-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ കോണോത്തുപുഴ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കോണോത്തുപുഴ പുനരുദ്ധരിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (എ) | എറണാകുളം ജില്ലയിലെ കോണോത്തു പുഴയുടെ വെട്ടുവേലിക്കടവ് മുതൽ പൂത്തോട്ട വരെയുള്ള 17 കി.മീ നീളം പുഴയുടെ പുനരുജ്ജീവനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. “Rejuvenation of Konothoupuzha from Puthankavu to Vettuvelikadavu for 17Km in Ernakulam District” (PRICE ID 2021/1655/IA-Amount 26 Crores) എന്ന പദ്ധതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി ഘടകങ്ങൾ താഴെപ്പറയുന്നവയാണ്. പുഴയിൽ വളർന്നിട്ടുള്ള ഇടതൂർന്ന സസ്യജാലങ്ങളും കളകളും നീക്കം ചെയ്യുകയും പുഴയുടെ ജലസംഭരണ ശേഷി വീണ്ടെടുക്കുന്നതിനായി ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ച് പുഴയിലെ എക്കലും ചെളിയും നീക്കം ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. ഈ ചെളി വശങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യും. ടി പ്രവൃത്തി കൊണ്ട് പുഴയുടെ ആഴം കൂട്ടി സുഗമമായ നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിനും പുഴയുടെ പുനരുജ്ജീവനത്തിനും സാധ്യമാകും. പുഴയിൽ നിന്നും എടുക്കുന്ന എക്കൽ കൊണ്ട് പുഴയുടെ പാർശ്വങ്ങൾ ബലപ്പെടുത്തുകയും അതിനു മുകളിൽ കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചം, കൈത തുടങ്ങിയവ നട്ട് മണ്ണൊലിപ്പ് തടയുന്നതിനുമാണ് പദ്ധതിയിട്ടിരിക്കുന്നത്. പൊതു ഉപയോഗത്തിനും ചെറിയ ജലവാഹനങ്ങളിലേയ്ക്ക് പ്രവേശനത്തിനുമായി കുളിക്കടവുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വളരെ അനിവാര്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ച് പാർശ്വസംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നെടുങ്ങാപ്പുഴ, കണിയാവള്ളി എന്നീ പാലങ്ങളുടെ അബട്ട്മെന്റ് പുഴയിലെ സ്വതന്ത്രമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തിക്കൊണ്ട്, പുഴയുടെ വീതി |

| | | | |
|---|---|---|---|
| | | | മൂന്നിലൊന്നായി കുറച്ചുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. പുഴയുടെ പൂർണ്ണ തോതിലുള്ള ഒഴുക്ക് ഉറപ്പാക്കുന്നതിന് മേൽപ്പറഞ്ഞ ഈ ചെറിയ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഈ പദ്ധതിയ്ക്കായി മേൽപ്പറഞ്ഞ പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ജലസേചന വകുപ്പ് തയ്യാറാക്കിയ, DSR 2018 പ്രകാരമുള്ള 26 കോടിയുടെ എസ്റ്റിമേറ്റ് NABARD RIDF (XXVII)-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പരിശോധിച്ചുവരുന്നു. |
| (സി) | നബാർഡിന്റെ സഹായം ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ? | (സി) | ഉണ്ട്. ഈ പദ്ധതിയ്ക്കായി മേൽപ്പറഞ്ഞ പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ജലസേചന വകുപ്പ് തയ്യാറാക്കിയ, DSR 2018 പ്രകാരമുള്ള 26 കോടിയുടെ എസ്റ്റിമേറ്റ് NABARD RIDF (XXVII)-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ